"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. ശശികുമാർ എൻ.നെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.178/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റിന്റെ 30.07.2016-ലെ ക്യുവി-27/15/എഎൽപി നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 14.12.2016-ലെ ഡി8-32146/2016 നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 15.02.2017-ലെ ഡി8-32146/2016 നമ്പർ കുറ്റാരോപണ മെമ്മോ

4 പഞ്ചായത്ത് ഡയറക്ടറുടെ 05.07.2017-ലെ ഡി8-32146/2016 നമ്പർ നടപടിക്രമങ്ങൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 19.08.2017-ലെ ഡി8-32146/2016 നമ്പർ നടപടിക്രമങ്ങൾ

6 അന്വേഷണ ഉദ്യോഗസ്ഥന്റെ 26.09.2017-ലെ ഡി8-32146/2016 നമ്പർ റിപ്പോർട്ട്

7 പഞ്ചായത്ത് ഡയറക്ടറുടെ 1.12.2017-ലെ ഡി8-32146/2016 നമ്പർ നടപടിക്രമങ്ങൾ

8 സർക്കാരിന്റെ 6.2.2018ലെ 310 /ഇ പി ബി 2/ 2017 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

9 ശ്രീ. ശശികുമാർ സമർപ്പിച്ച പ്രതിവാദ പത്രിക

10 സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 30.09.2019-ലെ A1-3/29/2019-KPSC നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി സെക്രട്ടറിയും ക്ലാർക്കും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നുവെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മാന്നാർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ

ക്രമക്കേടുകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അശോകുമാർ സി, സെക്ഷൻ ക്ലാർക്ക് ശ്രീ. ശശികുമാർ.എൻ എന്നിവരെ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (3) പ്രകാരം ചുവടെ ചേർത്തിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

1. റവന്യൂ രേഖകൾ പ്രകാരം നിലമായിട്ടുള്ള ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള 233.21സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം ഭൂരിഭാഗം നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം കെട്ടിട ഉടമസ്ഥനായ ശ്രീ. താഹ നിർമ്മാണം ക്രമവൽക്കരിച്ചു നൽകുന്നതിനായുള്ള അപേക്ഷ സമർപ്പിച്ചപ്പോൾ സർവ്വേ നമ്പർ 236/2-9-1ലും 236/2-9-2ലും ഉൾപ്പെട്ട 2.02 ആർ ഭൂമിയിൽ പണികഴിപ്പിച്ചതായ കെട്ടിടത്തിനെതിരെ പുറമ്പോക്ക് കൈയ്യേറി നിർമ്മാണം നടത്തിയിരിക്കുന്നതായി ഗ്രാമപഞ്ചായത്തിൽ പരാതി ലഭിച്ചെങ്കിലും ഫയലിൽ നടപടികൾ സ്വീകരിക്കാതിരുന്നതും നിലം നികത്ത് ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണ പെർമിറ്റ്/നമ്പർ നൽകുന്നതിൽ ഫയലിൽ കുറിപ്പുകൾ എഴുതാതിരുന്നതും തികച്ചും നിയമലംഘനവും കൃത്യനിർവ്വഹണത്തിലെ വീഴ്ചയായും കണക്കാക്കുന്നു.

2. താമസസ്ഥലങ്ങൾ ഇല്ലാത്തവർക്ക് നിലം നികത്ത് ഭൂമിയിൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, സെക്രട്ടറി എൽ.എസ്.ജി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അടങ്ങിയ സമിതിയുടെ ചർച്ചയും ധാരണയും വിധേയമായി 300 സ്ക്വയർ മീറ്റർ വരെയുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടത്തിന് മാത്രം പെർമിറ്റ് കൊടുക്കാമെന്നിരിക്കെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 236/2-9-1ൽ 62 സ്ക്വയർ മീറ്റർ നിലം എന്ന് രേഖപ്പെടുത്തിയ ഭൂമിയിലും ശ്രീ. താഹയുടെ നിലം നികത്ത് ഭൂമിയിലും ഫയൽ നം. എ1-3887/2014 തീയതി 21.08.2014 ലും ശ്രീ. വിദ്യാധരന്റെ 23/4-1-1, 236/1-1 നിലം നികത്ത് ഭൂമിയിലും സെക്രട്ടറി പെർമിറ്റ് നൽകാൻ ഉണ്ടായ സാഹചര്യം സൃഷ്ടിക്കാൻ തക്കവണ്ണം സെക്ഷൻ ക്ലാർക്ക് ഫയലിൽ കുറിപ്പുകൾ എഴുതാതിരുന്നതായ നടപടി തികഞ്ഞ വീഴ്ചയാണ്.

3. ശ്രീ. എൻ.കെ വിദ്യാധരൻ എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ളകെട്ടിട നിർമ്മാണാനുമതി അപേക്ഷയിൽ 617 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം പണിയുന്നത് സർവ്വേ നമ്പർ 236/4-1-1, 236/3, 236/1-1 7.40ആർ വസ്തുവിൽ ആണ്. മതിയായ രേഖകൾ ഇല്ലാതെ നൽകിയ പ്രസ്തുത അപേക്ഷ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിശോധനയ്ക്ക് കൈമാറാതെ നേരിട്ട് സ്വീകരിച്ച് റിപ്പോർട്ട് എഴുതി പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്തു. വില്ലേജ് രേഖകളിൽ നിലം എന്നെഴുതിയ വസ്തു സെക്ഷൻ ക്ളർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പെർമിറ്റും തുടർന്ന് കെട്ടിട നമ്പറും നൽകുകയും നെൽവയൽ നികത്തി കെട്ടിട നിർമ്മാണം ചെയ്യുന്നതിലും തുടർ നടപടികളിലും സെക്ഷൻ ക്ളർക്കിന്റെ ശുപാർശ മേലധികാരിയെ തെറ്റിദ്ധരിപ്പിക്കുന്നതിലേക്ക് വഴി തെളിച്ചു.

4. ശ്രീ. ഷാനവാസ് മജീദിന്റെ കെട്ടിടത്തിന് പെർമിറ്റും നമ്പരും നൽകിയതിൽ കെട്ടിടത്തിന്റെ സെറ്റ് ബാക്ക്, കവറേജ് എന്നിവ ശരിയായി പരിശോധിച്ച് റിപ്പോർട്ട് നല്കാത്തതുമൂലം സംഭവിച്ച വീഴ്ച.

5. മാന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ മെയിൻ റോഡുകളിൽ

സ്ഥിതി ചെയ്യുന്ന കടകൾ റോഡ് കൈയ്യേറി താല്കാലിക നിർമ്മാണ പ്രവൃത്തികൾ ചെയ്തിരിക്കുന്നതിനെതിരെ കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന യാതൊരു ഫയൽ നോട്ട് എഴുതാതിരുന്നതും സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാതിരുന്നതും കൃത്യനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി കാണുന്നു.

കുറ്റപത്രത്തിന് ശ്രീ.അശോക് കുമാർ, സെക്ഷൻ ക്ലാർക്ക് ശ്രീ. ശശികുമാർ.എൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാളുകളെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അശോക് കുമാർ സെക്ഷൻ ക്ലാർക്ക്, ശ്രീ. ശശികുമാർ.എൻ എന്നിവരെ പരാമർശം (4) പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാളുകൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ കെ.സി.എസ്. (സിസി&എ) 1960 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ പരാമർശം (5) പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഔപചാരിക അന്വേഷണം നടത്തി ശ്രീ. ശശികുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. ശശികുമാർ 31.07.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. ശശികുമാറിനെതിരെ കെ.സി.എസ്. (സിസി&എ) റൂൾസ് പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കുകയും തുടന്ന് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തു. ആയത് പരിഗണിച്ച് കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീ. ശശികുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ശശികുമാർ പരാമർ ശം (9) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രതിവാദപത്രിക സർക്കാർ പരിശോധിച്ചു.

1. റവന്യൂ റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയ വസ്തുവിൽ ശ്രീ. താഹ എന്ന വ്യക്തി കെട്ടിട നിർമ്മാണ അനുമതിക്കായി അപേക്ഷിക്കുന്നതിന് മുമ്പുതന്നെ നിരുത്സാഹപ്പെടുത്തുകയും നടപടികൾ സ്വീകരിച്ചിരുന്നതുമാണ്. ടി സ്ഥലത്ത് പുറമ്പോക്ക് കൈയ്യേറിയിട്ടുണ്ടോ എന്നും പുറമ്പോക്ക് സ്ഥലം ഉൾപ്പെട്ടതാണോ എന്നും ആരും തന്നെ രേഖാമൂലം പരാതി നൽകിയിട്ടില്ല.

2. പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ച അജ്ഞാത ഫോൺ സന്ദേശത്തെത്തുടർന്ന് താൻ നേരിട്ട് സ്ഥലത്ത് പോയി അന്വേഷിച്ചിരുന്നെങ്കിലും പുറമ്പോക്ക് കൈയ്യേറിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിരുന്നുമില്ല. അങ്ങനെ ഒരു പരാതി സമീപവാസികളിൽ നിന്നു പോലും ഉണ്ടായിട്ടില്ല. സന്ദേശം ലഭിച്ചതിനെതുടർന്ന് സെക്രട്ടറി വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി കൂടാതെ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ പുറമ്പോക്ക് കൈയേറിയതായി ആരും അറിയിച്ചിട്ടില്ല. ആവർത്തിച്ചുള്ള ഓർമ്മക്കുറിപ്പുകളെത്തുടർന്ന് വില്ലേജ് അധികൃതർ, ചെങ്ങന്നൂർ താലൂക്ക് സർവ്വെയറെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തിക്കൊള്ളാമെന്ന് രേഖാമൂലം അറിയിച്ചിരുന്നു. നാളിതുവരെ നടപടിക്രമങ്ങളൊന്നും നടത്തിയിട്ടില്ല. പുറമ്പോക്ക്

കൈയേറിയെന്നുള്ളത് അടിസ്ഥാനരഹിതമായ ആരോപണമാണ് എന്ന് റവന്യൂ അധികാരികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. വസ്തുവിന്റെ ഉടമയോടുള്ള വൈരാഗ്യത്തിന് ആരോ അസൂയപൂണ്ട് സെക്രട്ടറിക്ക് വ്യാജ സന്ദേശം അയച്ചതാണെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. ഈ കാരണങ്ങൾ കൊണ്ടാണ് മറ്റ് കുറിപ്പുകൾ ഒന്നുംതന്നെ ഫയലിൽ രേഖപ്പെടുത്താതിരുന്നത്.

3. ശ്രീ. താഹ, വിദ്യാധരൻ എന്നിവരുടെ വസ്തുക്കൾ അടുത്തടുത്തായി യഥാക്രമം വടക്കും, തെക്കുമായി സ്ഥിതിചെയ്യുന്നതും ഇവരുടെ വസ്തുക്കൾ ഈരണ്ട് ഉപസർവ്വേ നമ്പരുകളിൽ റവന്യൂ രേഖകളിൽ നിലം എന്നും പുരയിടം എന്നും രേഖപ്പെടുത്തി കൈവശ അവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതാണ്. ഈ ഭാഗത്തെങ്ങും കൃഷിനിലങ്ങൾ ഇല്ലാത്തതും ഈ വസ്തുക്കൾ രണ്ടായിരത്തി എട്ടിനുമുമ്പ് പുരയിടം ആയതും 2008ലെ തണ്ണീർത്തട നിയമമനുസരിച്ച് തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതല്ലാ എന്ന് മാന്നാർ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതുമാണ്. 2008ലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽപ്പെടാത്തതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും സമീപ സ്ഥലങ്ങളിലെല്ലാം കെട്ടിടങ്ങൾ ഉള്ളതിനാലും ഈ സ്ഥലം 2008നു മുമ്പ് പുരയിടം ആക്കിയതിനാലുമാണ് പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്തതും ഫയലിൽ മറ്റ രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതും. മുകളിൽ പറഞ്ഞ വ്യക്തികളുടെ കെട്ടിടങ്ങൾ റവന്യൂ അധികാരികൾ പരിശോധന നടത്തുകയും ഗവൺമെന്റിലേക്കുള്ള വൺ ടൈം ടാക്സ് ഈടാക്കിയിട്ടുള്ളതുമാണ്.

പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം പ്രാബല്യത്തിലാക്കുന്നതിന് വളരെ മുമ്പ് തന്നെ ആരംഭിച്ചതാണ് ശ്രീ. വിദ്യാധരന്റെ കെട്ടിട നിർമ്മാണം. ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയതിനാലാണ് പിന്നീട് പെർമിറ്റിന് അപേക്ഷിച്ചപ്പോൾ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറാതെ താൻ തന്നെ നേരിട്ട് പരിശോധന നടത്തി പെർമിറ്റ് നൽകാൻ ശുപാർശ ചെയ്തത്. നിയമാനുസൃതമായ രീതിയിൽ തന്നെയാണ് പെർമിറ്റ് നൽകിയതും പൂർത്തീകരണത്തെത്തുടർന്ന് നമ്പർ നൽകിയതും. നാളിതുവരെ ഈ കെട്ടിടങ്ങളളിൽ യാതൊരുവിധ ചട്ടലംഘനങ്ങളും നടന്നതായി ആരും പരാതിപ്പെടുകയുണ്ടായിട്ടില്ല. അത് സെക്രട്ടറിക്ക കൂടി അറിയാവുന്നതാണ്. ആയതിനാൽ ഒന്നും തന്നെ ഫയലിൽ രേഖപ്പെടുത്തുകയുണ്ടായില്ല. ഒന്നും മനപൂർവ്വമായി തെറ്റിദ്ധരിപ്പിക്കാനായി സ്വീകരിച്ചിട്ടില്ല.

4. ശ്രീ. ഷാനവാസ് മജീദ് എന്നയാളിന് കെട്ടിട പെർമിറ്റ് നൽകിയത് എൽ എസ് ജി ഡി ഓവർസിയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ്. പെർമിറ്റ് നൽകുമ്പോഴും, നമ്പർ നൽകുമ്പോഴും ആവശ്യമായ സെറ്റ് ബാക്ക് ഉണ്ടായിരുന്നതാണ്. കെട്ടിടത്തിന്റെ പിന്നാമ്പുറം അതിരു വേർതിരിച്ചിട്ടില്ലാത്ത അവസ്ഥയിൽ വിജിലൻസ് അധികാരികൾ പരിശോധനക്ക് വന്നപ്പോൾ പിറകിൽ താമസിക്കുന്ന വ്യക്തി പരാതി ഉന്നയിക്കുകയും തുടർന്നാണ് ഇങ്ങനെ ഒരു ആരോപണമുണ്ടായത്. ഇതിനെ തുടർന്ന് ശ്രീ. ഷാനവാസ് മജീദ് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം ചെങ്ങന്നൂർ താലൂക്ക് സർവ്വെയറെക്കൊണ്ട് വസ്തു അളന്ന് തിട്ടപ്പെടുത്തുകയും പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.,അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സെറ്റ് ബാക്ക് ലഭിക്കത്തക്ക രീതിയിൽ കല്ലിട്ട് വേർതിരിച്ചിട്ടുണ്ട്.

ഈ കെട്ടിടം പണിയുന്നതിന് മുമ്പ് ഇതേ സ്ഥാനത്ത് കടമുറികൾ നിന്നിരുന്നതും വടക്കേ

അറ്റത്തുള്ള ഭിത്തിയുടെ അടിത്തറ നിർത്തിയാണ് പണി നടത്തിയിരുന്നതും. കെട്ടിടം പൂർത്തിയായി നമ്പറിട്ട സമയത്ത് വടക്കുഭാഗം തുറസ്സായി ഇട്ടിരുന്നു. ആ സ്ഥലം കട്ടകെട്ടി മറയ്ക്കുകയും ഇതിന്റെ വടക്കുഭാഗത്തായി ഒരു മീറ്റർ നീളമുള്ള നടവഴിയായി ഉപയോഗിക്കുന്നഭാഗത്തിനായി കേസ് നടക്കുകയാണെന്നും ഇത് കണക്കിലെടുക്കുമ്പോൾ കെട്ടിടത്തിന്റെ എല്ലാ വശവും ആവശ്യമായ സെറ്റ് ബാക്ക് ലഭിക്കുന്നുണ്ട് എന്നും അറിയിച്ചു.

5. മാന്നാർ പഞ്ചായത്തിന്റെ പരിധിയിലുള്ള റോഡിനിരുവശങ്ങളിലും കച്ചവടക്കാർ നിർമ്മിച്ചിരിക്കുന്ന താൽക്കാലിക ഇറക്കുകളും മറ്റും സമീപകാലത്തുള്ളതല്ല. ഇതുമൂലം വാഹനഗതാഗതത്തിനോ കാൽനടയാത്രക്കാർക്കോ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടുള്ളതായി പഞ്ചായത്തിന് പരാതിയൊന്നും ലഭിച്ചിട്ടില്ലാ എന്നുള്ള വിവരം ജനപ്രതിനിധികൾക്കും നാട്ടുകാർക്കും അന്വേഷണ ഉദ്യോഗസ്ഥർക്കും അറിയാവുന്ന സാഹചര്യമുള്ളതിനാലാണ് ഇത് സംബന്ധിച്ച് ഫയലിൽ പ്രത്യേകിച്ച് കുറിപ്പുകൾ ഒന്നും എഴുതാത്തത്.

6. കേരള സർക്കാരിന്റെ റവന്യൂ എൽ.എസ്.ജി.ഡി ഉത്തരവുകളും സർക്കുലറുകളുമനുസരിച്ച് റവന്യൂ റിക്കാർഡുകളിൽ നിലമെന്നു രേഖപ്പെടുത്തിയ വസ്തുക്കൾ 2008നു മുമ്പ് നികത്തിയിരുന്നതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സ്ഥലത്ത്, വീട്, കെട്ടിടം, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഇവ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ്, നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ, ഓക്ക്യുപൻസി സർട്ടിഫിക്കറ്റ് ഇവകൾ നല്കുന്നതിനുദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഇതനുസരിച്ച് പ്രവർത്തിച്ചു വരികയുമാണ്. അതിൻപ്രകാരം പരാതിക്കാധാരമായ വസ്തുക്കളിൽതന്നെ മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇനിയും അപേക്ഷിച്ചാലും അനുമതി നൽകാവുന്ന സാഹചര്യം നിലനിൽക്കുന്നു. 2017ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി ) ഓർഡിനൻസ്, 41-ാം നമ്പർ ഓർഡിനൻസ് പ്രകാരവും ഈ മാതിരി സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ബഹു. ഹൈക്കോടതിയുടെ 21.08.2013ലെ വിധികളിലും ഡാറ്റാ ബാങ്കിൽ ഇല്ലാത്ത സ്ഥലങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നതിനു നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

7. മേൽ സർക്കാർ ഉത്തരവുകളും സർക്കുലറുകളും ഇറക്കുന്നതിനു മുമ്പ് ഇതിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകുന്നതിന് ശുപാർശ മനപൂർവ്വമല്ലാത്ത കൃത്യവിലോപമായി പരിഗണിച്ച് മാപ്പാക്കണമെന്നും മാനുഷിക പരിഗണന കാണിക്കണമെന്നും അപേക്ഷിച്ചു.

ടിയാനെ നേരിൽ കേട്ടപ്പോൾ താൻ മാന്നാറിലെ തന്നെ താമസക്കാരനായതിനാൽ അവിടത്തെ സ്ഥലത്തെക്കുറിച്ച് വ്യക്തമായി അറിയാമെന്നും പെർമിറ്റ് നൽകിയ സ്ഥലത്തിനടുത്തു സർക്കാർ കെട്ടിടങ്ങളും നില്ക്കുകയായിരുന്നുവെന്നും വയൽ അല്ലായെന്നതിനാലാണ് സാങ്കേതികവിഭാഗം ജീവനക്കാർക്ക് അന്വേഷണത്തിന് നല്കാത്തതെന്നും അറിയിച്ചു. ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ ലഭിച്ചാൽ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് അന്വേഷണത്തിന് നൽകണമെന്ന് വ്യവസ്ഥയുണ്ടെന്നുള്ള കാര്യം അറിയാമെന്നും അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള

പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ വ്യവസ്ഥയ്ക്കും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് സെക്ഷൻ ക്ലാർക്ക് ശ്രീ. ശശികുമാർ പ്രവർത്തിച്ചതെന്ന് വിലയിരുത്തുകയുണ്ടായി.. ബിൽഡിംഗ് പെർമ്മിറ്റ് അനുവദിക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിശദമായ പരിശോധനയുടെ ആവശ്യകത നിലനിൽക്കെ അവരുടെ അറിവോ സമ്മതമോ കൂടാതെ നിലം എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കൊമേർഷ്യൽ പ്രവർത്തനങ്ങൾക്ക ബഹുനിലകെട്ടിടം നിർമിക്കുന്നതിന് ബിൽഡിങ് പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയുമാണുണ്ടായതെന്നും കാണുന്നു. ഔപചാരിക അന്വേഷണം ഉൾപ്പെടെയുള്ള കഠിന ശിക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുമുണ്ട്. ആരോപണത്തെ ഖണ്ഡിക്കുന്ന തരത്തിലുള്ള വ്യക്തമായ മറുപടിയൊന്നും ശ്രീ. ശശികുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിലും നേരിൽ കേട്ട അവസരത്തിലും ബോധിപ്പിച്ചിട്ടില്ല. ശ്രീ. ശശികുമാറിനെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതായി കാണുന്ന സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. ശശികുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം അഞ്ചു വർഷത്തേക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താൻ തീരുമാനിച്ച് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും കമ്മീഷൻ പരാമർശം (8) പ്രകാരം സർക്കാരിന്റെ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാന്നാർ ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. ശശികുമാർ എൻ. ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം അഞ്ചു വർഷത്തേക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ശശികുമാർ എൻ, മുൻ സെക്ഷൻ ക്ലാർക്ക്, മാന്നാർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/310/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

–

പകർപ്പ്